7th January 2016 / Thursday

74th day of 90 days

സങ്കീർത്തനങ്ങൾ 119:38

‘ നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കേണമേ.’

തിരുവചനം ധ്യാനിക്കേണ്ടതായ ആവശ്യകത വെളിപ്പെടുത്തുന്നതാണ് ഈ സത്യവചനം. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭൗതികവും ആത്മീയവുമായ ജ്ഞാനം ലഭിക്കണമെങ്കിൽ സത്യവചനത്തെ പരിശുദ്ധാത്മാവിന്റെ നിറവിൽ ധ്യാനിച്ച് ആന്തരികഅർത്ഥത്തെ ഉൾക്കൊള്ളണം. സ്വയത്തിൽ ആശ്രയിച്ചുകൊണ്ട് സത്യവചനത്തെ സ്വന്തമാക്കി ധ്യാനിക്കാമെന്നു ചിന്തിക്കാതെ ദൈവത്തിന്റെ കൃപയിൽ / കരുണയിൽ കൂടി അതിനെ സമീപിക്കാൻ ആഗ്രഹിക്കണം. ദൈവത്തിൽ നിന്ന് അകലുമ്പോൾ, സത്യവചനത്തിൽ നിന്ന് മാറുമ്പോൾ ആത്മീയജ്ഞാനം കുറയുകയും ലോകപരമായ സുഖത്തിനും സൗകര്യത്തിനുമായി മററു പലതുമായി / ദൈവീകമല്ലാത്തവയുമായി അടുത്ത ബന്ധം പുലർത്തേണ്ടതായും വരുന്നു. അപ്പോൾ ജ്ഞാനം ലഭിക്കാതെ, സ്വയത്തിൽ ആശ്രയിച്ച് നമ്മുടെ താൽപര്യത്തിൽ ഓരോന്നു ചെയ്യുമ്പോൾ, ദൈവത്തിന്റെ കല്പനകളെയും പ്രമാണങ്ങളെയും പദ്ധതികളെയും നാം അവഗണിക്കുകയാണ്. ജീവനുള്ള വചനം സത്യദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും ആണ്. അവ നമ്മളിൽ / ഹൃദയങ്ങളിൽ നിവൃത്തിയാകണമെങ്കിൽ നാം ശുദ്ധീകരണം പ്രാപിച്ച് ശക്തീകരണം നേടി സത്യവചനമായ ദൈവത്തെ സ്വീകരിക്കാൻ തയ്യാറാവണം. വചനമാകുന്ന ദൈവത്തെ നമ്മുടെ ഹൃദയത്തിൽ നിറയ്ക്കുവാൻ നാം ദൈവത്തോളം വളരണം. യേശുവിനോളം വളരണം, യേശുവിനെപ്പോലെ ആകണം, യേശുവിന്റെ ഉള്ളിൽ അദൃശ്യമായി ഇരുന്ന് ആത്മീയവേലകൾ ചെയ്യാനും നമ്മുടെ ദേഹിയ്ക്കും ആത്മാവിനും കഴിയുന്നു. സർവ്വസൃഷ്ടിയായ ദൈവത്തിന്റെ അടുത്ത് എത്തി അനുഗ്രഹങ്ങൾ പ്രാപിക്കാൻ സത്യവചനത്തെ നാം മനസ്സിലാക്കി, ആ വചനം തെളിയിക്കുന്ന വെളിച്ചത്തിലൂടെ സഞ്ചരിച്ച് വചനത്തിന്റെ മർമ്മങ്ങൾ ആഴത്തിൽ അറിഞ്ഞ്, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ എല്ലാത്തിനെയും വിവേചിച്ച്, നന്മതിന്മകളെ തിരിച്ചറിഞ്ഞ്, നിത്യസമാധാനത്തിനും ശാന്തിയ്ക്കും സന്തോഷത്തിനും വേണ്ടി പരിശ്രമിക്കേണം. ഈ ലോകവും അതിന്റെ സകലവും ദുഷ്ടന്റെ അധികാരത്തിൽ കിടക്കുമ്പോൾ, ദൈവത്തിന്റെ മക്കൾക്കും, മക്കളായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്കും എല്ലാവിധത്തിലുമുള്ള കഷ്ടതകളും പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാകും. കാരണം നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാണ്, എന്നാൽ യഹോവ എല്ലാററിലും നിന്ന് അവനെ വിടുവിക്കും. ആയതിനാൽ ദൈവമക്കൾ തിരുവചനത്തെ മുറുകെപിടിച്ച് ധ്യാനിച്ച്, യഹോവഭക്തി വർദ്ധിപ്പിക്കാൻ ശ്രമിക്കേണം. കാരണം ഈ ലോകത്തിലെ സകലതും നശിച്ചുപോയാലും വള്ളിയോ പുള്ളിയോ മാഞ്ഞുപോകാതെ എന്ന് ജീവനോട് നിലനിൽക്കുന്നത് സത്യവചനം മാത്രമാണ്. ആ വചനം കൊണ്ട് നമ്മുടെ ഓരോരുത്തരും ഹൃദയം നിറയ്ക്കണം, ഈ ലോകവും നമ്മെ അവഗണിച്ചാലും യേശുവിന്റെ മണവാട്ടിയായി നമുക്ക് നിത്യരാജ്യത്തിൽ രാജ്ഞിയെപ്പോലെ വാഴാൻ ആത്മീകജ്ഞാനം വർദ്ധിപ്പിക്കാൻ യഹോവഭക്തിയെ ആർജ്ജിക്കാം.